**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2542** **02-08-2021 - ൽ മറുപടിയ്ക്ക്**

**ഹയർ സെക്കന്ററി ജൂനിയർ അധ്യാപകരുടെ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ** | | **Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഹയർ സെക്കന്ററി ജൂനിയർ അധ്യാപകരുടെ സർവ്വീസ് പ്രശ്നങ്ങൾക്കും അവരുടെ പ്രമോഷൻ സാധ്യതയില്ലായ്മയ്ക്കും ശാശ്വതമായ പരിഹാരം കണ്ടെത്തുമോ; | (എ) | സ്പെഷ്യൽ റൂൾസ് പ്രകാരം പ്രിൻസിപ്പാൾ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം 2:1 എന്ന അനുപാതത്തിൽ യോഗ്യരായ എച്ച്.എസ്.എസ്.ടി മാരിൽ നിന്നും എച്ച്.എം മാരിൽ നിന്നുമാണ്. ടി ആളുകൾക്ക് മിനിമം 12 വർഷത്തെ അദ്ധ്യാപന പരിചയം യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ട്. എച്ച്.എസ്.എസ്.ടി തസ്തികയിലെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലും അദ്ധ്യാപന പരിചയത്തിന്റെ അടിസ്ഥാനത്തിലുമാണ് മേൽ നിയമനം നടത്തുന്നത്. എച്ച്.എസ്.എസ്.ടി (ജൂനിയർ) തസ്തികയുടെ പ്രൊമോഷൻ തസ്തികയാണ് എച്ച്.എസ്.എസ്.ടി സീനിയർ തസ്തിക. സീനിയർ തസ്തികയിലേക്ക് പ്രൊമോഷന് മതിയായ ജൂനിയർ അദ്ധ്യാപകർ ഇല്ലാതാകുമ്പോൾ മാത്രമാണ് 3:1 അനുപാതത്തിൽ അത് പി.എസ്.സി വഴിയുള്ള നേരിട്ടുള്ള നിയമനത്തിനും HSA/UPSA/LPSA -ൽ നിന്നുമുള്ള ബൈട്രാൻസ്ഫർ നിയമനത്തിനും നൽകുന്നത്. എച്ച്.എസ്.എസ്.ടി (ജൂനിയർ) തസ്തികയുടെ പ്രൊമോഷൻ തസ്തികയായ എച്ച്.എസ്.എസ്.ടി സീനിയർ തസ്തികയിൽ നിന്നുമാണ് അടുത്ത പ്രൊമോഷൻ തസ്തികയായ പ്രിൻസിപ്പാൾ തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നത്. നിലവിലെ സ്പെഷ്യൽ റൂൾസ് പ്രകാരം ജൂനിയർ തസ്തികയിൽ നിന്നും നേരിട്ട് പ്രിൻസിപ്പാൾ തസ്തികയിലേക്കുള്ള നിയമനം സാധ്യമല്ല. സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലമാറ്റം, നിയമനം എന്നിവ സംബന്ധിച്ചമാനദണ്ഡങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും സംബന്ധിച്ച് 02.03.2019 ലെ സ.ഉ(സാധാ)നം. 838/2019/പൊ.വി.വ പ്രകാരം സർക്കാർ ഉത്തരവായിരുന്നു ആയത് പ്രകാരം |

| | | | |
|---|---|---|---|
| | | | ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ സ്ഥലമാറ്റത്തിന് ജൂനിയർ സർവ്വീസ് കാലയളവ് അല്ലെങ്കിൽ സീനിയർ സർവ്വീസ് കാലയളവ് മാത്രമായിട്ടാണ് പരിഗണിക്കുന്നത്. ജൂനിയർ സർവ്വീസ് കാലയളവും സീനിയർ സർവ്വീസ് കാലയളവും ഒന്നിച്ച് കണക്കാക്കി പരിഗണിക്കാൻ നിലവിലെ നിയമപ്രകാരം സാധിക്കില്ല. ഹയർ സെക്കണ്ടറി തലത്തിൽ ജൂനിയർ, സീനിയർ അദ്ധ്യാപക നിയമനത്തിന് വെവ്വേറെ കാറ്റഗറിയിലാണ് പരീക്ഷ നടത്തുന്നതും തെരഞ്ഞെടുപ്പ് നടത്തുന്നതും. ആയതിനാൽ റാങ്ക് ലിസ്റ്റും വെവ്വേറെയാണ് തയ്യാറാക്കപ്പെടുന്നത്. ജോലിഭാരത്തിന്റെ അടിസ്ഥാനത്തിലാണ് ജൂനിയർ, സീനിയർ കാറ്റഗറി കണക്കാക്കുന്നത്. ജൂനിയർ അദ്ധ്യാപകൻ ആഴ്ചയിൽ പരമാവധി 14 പിരീഡുകൾ കൈകാര്യം ചെയ്യേണ്ടിവരുമ്പോൾ സീനിയർ അദ്ധ്യാപകന് 25 പിരീഡുകൾ അധ്യാപനം നടത്തേണ്ടതുണ്ട്. അതുകൊണ്ട് തന്നെ ജൂനിയർ അദ്ധ്യാപകന്റെ ശമ്പള സ്കെയിലിനെക്കാൾ (45600-95600) കൂടുതലായിരിക്കും സീനിയർ അദ്ധ്യാപകന്റെ ശമ്പള സ്കെയിൽ (55200-115300) എന്നിരുന്നാലും, ജൂനിയർ അദ്ധ്യാപകന്റെ സേവന കാലയളവ് പരിഗണിച്ച് 8 വർഷം ആകുമ്പോൾ ഹയർ ഗ്രേഡും (55200-115300) 15 വർഷം ആകുമ്പോൾ സെലക്ഷൻ ഗ്രേഡും (56500-118100) അനുവദിച്ചു നല്കുന്നു. |
| (ബി) | അഞ്ച് വർഷം സീനിയർ ആയ ജൂനിയർ അധ്യാപകരെ സീനിയർ തസ്തികയിലേക്ക് പ്രോമോട്ട് ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; ഒരേ റാങ്ക് ലിസ്റ്റിൽ നിന്നും സർവ്വീസിൽ പ്രവേശിക്കുന്ന അധ്യാപകർ പല തട്ടിലാകുന്ന അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുമോ; നിലവിലെ സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | സ്പെഷ്യൽ റൂൾസ് പ്രകാരം പ്രിൻസിപ്പാൾ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം 2:1 എന്ന അനുപാതത്തിൽ യോഗ്യരായ എച്ച്.എസ്.എസ്.ടി മാരിൽ നിന്നും എച്ച്.എം മാരിൽ നിന്നുമാണ്. ടി ആളുകൾക്ക് മിനിമം 12 വർഷത്തെ അദ്ധ്യാപന പരിചയം യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ട്. എച്ച്.എസ്.എസ്.ടി തസ്തികയിലെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലും അദ്ധ്യാപന പരിചയത്തിന്റെ അടിസ്ഥാനത്തിലുമാണ് മേൽ നിയമനം നടത്തുന്നത്. എച്ച്.എസ്.എസ്.ടി (ജൂനിയർ) തസ്തികയുടെ പ്രൊമോഷൻ തസ്തികയാണ് എച്ച്.എസ്.എസ്.ടി സീനിയർ തസ്തിക. സീനിയർ തസ്തികയിലേക്ക് പ്രൊമോഷന് മതിയായ ജൂനിയർ അദ്ധ്യാപകർ ഇല്ലാതാകുമ്പോൾ മാത്രമാണ് 3:1 അനുപാതത്തിൽ അത് പി.എസ്.സി വഴിയുള്ള നേരിട്ടുള്ള നിയമനത്തിനും HSA/UPSA/LPSA -ൽ നിന്നുമുള്ള ബൈട്രാൻസ്ഫർ നിയമനത്തിനും നൽകുന്നത്. എച്ച്.എസ്.എസ്.ടി (ജൂനിയർ) തസ്തികയുടെ പ്രൊമോഷൻ തസ്തികയായ എച്ച്.എസ്.എസ്.ടി |

| | | | |
|---|---|---|---|
| | | | സീനിയർ തസ്തികയിൽ നിന്നുമാണ് അടുത്ത പ്രൊമോഷൻ തസ്തികയായ പ്രിൻസിപ്പാൾ തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നത്. നിലവിലെ സ്പെഷ്യൽ റൂൾസ് പ്രകാരം ജൂനിയർ തസ്തികയിൽ നിന്നും നേരിട്ട് പ്രിൻസിപ്പാൾ തസ്തികയിലേക്കുള്ള നിയമനം സാധ്യമല്ല. സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലമാറ്റം, നിയമനം എന്നിവ സംബന്ധിച്ച മാനദണ്ഡങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും സംബന്ധിച്ച് 02.03.2019 ലെ സ.ഉ(സാധാ)നം. 838/2019/പൊ.വി.വ പ്രകാരം സർക്കാർ ഉത്തരവായിരുന്ന ആയത് പ്രകാരം ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ സ്ഥലമാറ്റത്തിന് ജൂനിയർ സർവ്വീസ് കാലയളവ് അല്ലെങ്കിൽ സീനിയർ സർവ്വീസ് കാലയളവ് മാത്രമായിട്ടാണ് പരിഗണിക്കുന്നത്. ജൂനിയർ സർവ്വീസ് കാലയളവും സീനിയർ സർവ്വീസ് കാലയളവും ഒന്നിച്ച് കണക്കാക്കി പരിഗണിക്കാൻ നിലവിലെ നിയമപ്രകാരം സാധിക്കില്ല. ഹയർ സെക്കണ്ടറി തലത്തിൽ ജൂനിയർ, സീനിയർ അദ്ധ്യാപക നിയമനത്തിന് വെവ്വേറെ കാറ്റഗറിയിലാണ് പരീക്ഷ നടത്തുന്നതും തെരഞ്ഞെടുപ്പ് നടത്തുന്നതും. ആയതിനാൽ റാങ്ക് ലിസ്റ്റും വെവ്വേറെയാണ് തയ്യാറാക്കപ്പെടുന്നത്. ജോലിഭാരത്തിന്റെ അടിസ്ഥാനത്തിലാണ് ജൂനിയർ, സീനിയർ കാറ്റഗറി കണക്കാക്കുന്നത്. ജൂനിയർ അദ്ധ്യാപകൻ ആഴ്ചയിൽ പരമാവധി 14 പിരീഡുകൾ കൈകാര്യം ചെയ്യേണ്ടിവരുമ്പോൾ സീനിയർ അദ്ധ്യാപകന് 25 പിരീഡുകൾ അധ്യാപനം നടത്തേണ്ടതുണ്ട്. അതുകൊണ്ട് തന്നെ ജൂനിയർ അദ്ധ്യാപകന്റെ ശമ്പള സ്കെയിലിനെക്കാൾ (45600-95600) കൂടുതലായിരിക്കും സീനിയർ അദ്ധ്യാപകന്റെ ശമ്പള സ്കെയിൽ (55200-115300) എന്നിരുന്നാലും, ജൂനിയർ അദ്ധ്യാപകന്റെ സേവന കാലയളവ് പരിഗണിച്ച് 8 വർഷം ആകുമ്പോൾ ഹയർ ഗ്രേഡും (55200-115300) 15 വർഷം ആകുമ്പോൾ സെലക്ഷൻ ഗ്രേഡും (56500-118100) അനുവദിച്ച് നല്കുന്നു. |
| (സി) | സീനിയർ അധ്യാപകന് നിശ്ചയിച്ചിട്ടുള്ള 25 പീരിയഡുകൾക്ക് ശേഷമുള്ള പീരിയഡുകളെ ഹയർസെക്കന്ററി ജൂനിയർ അധ്യാപകർ എടുക്കാവൂ എന്ന വ്യവസ്ഥ നിലവിലുണ്ടോ; വിശദമാക്കാമോ; | (സി) | ഇല്ല. സീനിയർ അദ്ധ്യാപകന് ആഴ്ചയിൽ 15 മുതൽ 25 വരെ പിരീഡുകളും ജൂനിയർ അദ്ധ്യാപകൻ ആഴ്ചയിൽ പരമാവധി 14 പിരീഡുകളുമാണ് കൈകാര്യം ചെയ്യേണ്ടിവരുന്നത്. ഇത്തരത്തിൽ നിശ്ചയിച്ചിട്ടുള്ള പരമാവധി ജോലിഭാരത്തിന് പുറമെ അധികമായി വരുന്ന 1 മുതൽ 6 വരെയുള്ള പിരീഡുകൾക്ക് ഗസ്റ്റ് അദ്ധ്യാപകരെയും നിയമിക്കുന്നു. |
| (ഡി) | ട്രാൻസ്ഫറിന് ഔട്ട് സ്റ്റേഷൻ സർവ്വീസ് | (ഡി) | സർവ്വീസിൽ മൂന്ന് വർഷം പൂർത്തിയായ ഹയർ |

| | | | |
|---|---|---|---|
| | പരിഗണിക്കുമോ; ജൂനിയർ അധ്യാപകർക്ക് ഗ്രേഡ് പ്രമോഷൻ നഷ്ടം ഉണ്ടാകുന്നതായുള്ള പരാതിക്ക് പരിഹാരം കണ്ടെത്തുമോ? | | സെക്കണ്ടറി അദ്ധ്യാപകർക്ക് ട്രാൻസ്ഫറിന് അപേക്ഷിക്കാൻ അർഹതയുള്ളതും, സീനിയോരിട്ടി, ഔട്ട് സ്റ്റേഷൻ സർവ്വീസ് എന്നിവയുടെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം നൽകി വരുന്നു. നിശ്ചിത സമയത്തിനകം ഉയർന്ന തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കാത്ത അദ്ധ്യാപകർക്ക് സമയബന്ധിതമായ ഹയർ ഗ്രേഡ് അനുവദിക്കുന്നുണ്ട്. ഗ്രേഡ് പ്രൊമോഷൻ നഷ്ടം ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ